കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ആലുവ നഗരസഭ - മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ - രണ്ട് മാസക്കാലയളവിലേക്ക് 20 ശുചീകരണ തൊഴിലാളികളെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 1567/2014/തസ്വഭവ. തീയതി, തിരുവനന്തപുരം, 20/6/2014

പരാമർശം :

1. ആലുവ നഗരസഭാ കൌൺസിലിന്റെ 8/4/2014 ലെ 11 ാം നമ്പർ തീരുമാനം
2. ആലുവ നഗരസഭാ ചെയർമാന്റെ 29/5/2014 ലെ കത്ത്

**ഉത്തരവ്**

പരാമർശം (1)ലെ ആലുവ നഗരസഭാ കൌൺസിൽ തീരുമാനപ്രകാരം ആലുവ നഗരസഭയിലെ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി 20 ശുചീകരണ തൊഴിലാളികളെ 2 മാസത്തേക്ക് താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കുവാൻ അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം നഗരസഭാ ചെയർമാൻ സർക്കാരിലേക്ക് അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സി.എൽ.ആർ തൊഴിലാളികളെ നിയമിക്കുന്നതിലുള്ള സർക്കാർ വ്യവസ്ഥകൾ കർശനമായി പാലിച്ചുകൊണ്ടും ഇതിലേക്കാവശ്യമായ ചെലവ് നഗരസഭകളുടെ തനത് ഫണ്ടിൽ നിന്നും കണ്ടെത്തേണ്ടതാണെന്ന വ്യവസ്ഥയിൻമേലും കാലാവധി കഴിയുന്ന മുറയ്ക്ക് ടി ആളുകളുടെ സേവനം അവസാനിപ്പിക്കേണ്ടതാണെന്ന വ്യവസ്ഥയിലും ആലുവ നഗരസഭയിലെ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി 20 താൽക്കാലിക ശുചീകരണ തൊഴിലാളികളെ രണ്ട് മാസ കാലയളവിലേക്ക് നിയമിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

എസ്.വേണുഗോപാലൻ നായർ
ഡെപ്യൂട്ടി സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് , തിരുവനന്തപുരം
സെക്രട്ടറി, ആലുവ നഗരസഭ (~~ചെയർമാൻ മുഖേന~~)
ചെയർമാൻ, ആലുവ നഗരസഭ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**